വുമായി ബന്ധപ്പെട്ടുകൊണ്ട് പെൻഷൻ പരിഷ്ക്കരണവും നടത്താനാണ് ഉദ്ദേശിക്കുന്നത്. ഇവിടെ പറഞ്ഞിട്ടുള്ള വിഷയങ്ങൾ ഇപ്പോൾ ബോർഡിന്റെ പരിഗണനയിലാണ്.

(8) കാസർഗോഡ് പ്രവർത്തിച്ചുവന്നിരുന്ന ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സിംഗ് ട്രെയിനിംഗ് സ്കൂൾ പുനഃസ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, കാസർഗോഡ് ജില്ലാ ആസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന ഏക സർക്കാർ സ്ഥാപനമായിരുന്നു ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സിംഗ് ട്രെയിനിംഗ് സ്കൂൾ. കാസർഗോഡ് ജില്ലയിലെ ജനങ്ങളുടെ നീണ്ട പ്രക്ഷോഭങ്ങളുടേയും കൂട്ടായ പ്രവർത്തനത്തിന്റെയും ഫലമായി 1987-ൽ ഒന്നാമത്തെ ബാച്ച് ആരംഭിച്ചു. 1996 ആഗസ്റ്റിൽ നാലാമത്തെ ബാച്ച് പൂർത്തിയാക്കി. എന്നാൽ കഴിഞ്ഞ 28.4.99-ന് പ്രസ്തുത ട്രെയിനിംഗ് സ്കൂൾ നിർത്തൽ ചെയ്തതായി ഗവണ്മെന്റ് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കാസർഗോഡ് ജില്ല സംസ്ഥാനത്തെ ഏറ്റവും പിന്നോക്ക ജില്ലയാണ്. ഭാഷാന്യൂനപക്ഷങ്ങളും പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളും ഉൾക്കൊള്ളുന്ന ഈ ജില്ലയിൽ ഒരു സ്ഥാപനം നേടിയെടുക്കണമെങ്കിൽ വളരെയധികം ബുദ്ധിമുട്ട് സഹിക്കണം. സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ആ പ്രദേശത്തെ ജനങ്ങൾ സമരത്തിലൂടെയും മറ്റുമാണ് ഓരോ സ്ഥാപനങ്ങൾ നേടിയെടുക്കുന്നത്. അങ്ങനെ നേടിയെടുത്ത ഓരോ സ്ഥാപനങ്ങളും ഈ ഗവണ്മെന്റ് എടുത്തുകളയുകയാണ്. ഐ.ടി.ഐ. കാസർഗോഡ് സ്ഥാപിച്ചുവെങ്കിലും ഒരു ട്രേഡ് അതിൽ നിന്നും എടുത്തുകളഞ്ഞിരിക്കുകയാണ്. അവിടേക്ക് പോകുന്ന തീവണ്ടികൾപോലും നിർത്തൽ ചെയ്തുകൊണ്ടിരിക്കുകയാണ്. നീണ്ട സമരത്തിലൂടെ നേടിയെടുത്ത കാസർഗോഡ് ബി.എഡ്. സെന്റർ നിർത്തൽ ചെയ്തിരിക്കുകയാണ്. അതിന്റെ അംഗീകാരവും നഷ്ടപ്പെട്ടു. അതുപോലെ ബദിയടുക്കയിൽ ഒരു പി.എച്ച്.സെന്ററിനുവേണ്ടി 30 കിടക്കകളുള്ള ഒരു ആശുപത്രി കെട്ടിടം നിർമ്മിച്ചിട്ട് ഏതാണ്ട് ഒരു വർഷമായി, ഇന്നുവരെ അത് തുറന്നുകൊടുക്കാതെ ആ കെട്ടിടം ഇപ്പോൾ നശിച്ചുകൊണ്ടിരിക്കുകയാണ്. നിരന്തരമായി ഈ സഭയിൽ ഉന്നയിച്ച കാര്യങ്ങളാണിത്. ഇങ്ങനെ കാസർഗോഡ് ജില്ലയോട് കാണിക്കുന്ന അവഗണന അവസാനിപ്പിക്കണം. ഈ നഴ്സിംഗ് സ്കൂൾ പുനഃസ്ഥാപിച്ചില്ലെങ്കിൽ കാസർഗോഡ് ജില്ലയോട് ഈ സർക്കാർ കാണിക്കുന്ന അവഗണനയ്ക്കെതിരായി ലക്ഷത്തോളം വരുന്ന ജനങ്ങൾ ഒന്നടങ്കം ശക്തമായി പോരാടുമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. നിർത്തൽ ചെയ്ത സ്കൂളുകൾ പുനരാരംഭിക്കാൻ ആവശ്യമായ നടപടികൾ ആരോഗ്യ വകുപ്പു മന്ത്രി എടുക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്) : സർ, കേരളത്തിൽ 13 ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സിംഗ് ട്രെയിനിംഗ് സ്കൂളുകളാണ് ഉണ്ടായിരുന്നത്. ആ 13 എണ്ണത്തിൽനിന്നും ട്രെയിനിംഗ് കഴിഞ്ഞുവന്ന കുട്ടികൾക്ക് ജോലി കൊടുക്കാൻ കഴിയാത്ത സ്ഥിതി വന്നു. ട്രെയിഡ് ഹാന്റ്സിന്റെ എണ്ണം കൂടി. ഇവിടെ ധാരാളം തൊഴിൽ സാദ്ധ്യതയുള്ളപ്പോഴാണ് ആളുകളുടെ ദൗർലഭ്യം ഉള്ള സമയത്താണ് ഈ 13 എണ്ണവും തുടങ്ങുന്നത്. 1996 സെപ്തംബറിലാണ് 13-ഉം നിർത്തൽ ചെയ്യാൻ തീരുമാനിച്ചത്. കാസർഗോഡു മാത്രമല്ല, കേരളം മുഴുവൻ ഇങ്ങനെ പ്രാദേശിക വികാരം ഉണ്ടാക്കുന്നത് രാഷ്ട്രീയമായി ഗുണമാണെങ്കിലും നാടിന് ഗുണമല്ല.

LIBRARY ARCHIVES Kerala Legislative Assembly

13 എണ്ണവും ഒരേ സമയം നിർത്താൻ തീരുമാനിച്ചു. പ്രാദേശിക വികാരത്തിന്റെ പ്രശ്നം പഠിച്ചുകൊണ്ട് അവ 1996-ൽ നിർത്തലാക്കി. വീണ്ടും കുറച്ചു കുട്ടികളെക്കൂടി വേണ്ടിവരും. പോസ്റ്റ് വരാം, അങ്ങനെ തിരുവനന്തപുരം, കോട്ടയം, പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിൽ നാലെണ്ണം ആരംഭിച്ചു. മൂന്നും നാലും ജില്ലകളുടെ സൗകര്യം വച്ചാണ് ചെയ്തത്. ആ നാലും തീരുമാനിച്ചപ്പോൾ 45 സീറ്റ് കണ്ണൂരും 5 സീറ്റ് കാസർഗോഡും റിസർവ് ചെയ്തു. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയാണ് തിരുവനന്തപുരത്തെ ട്രെയിനിംഗ് സ്കൂൾ. തിരുവനന്തപുരത്ത് രണ്ട് സീറ്റ് കാസർഗോഡുകാർക്ക് റിസർവ് ചെയ്തിട്ടുണ്ട്. ഈ നാലെണ്ണം ഇപ്പോൾ തുടങ്ങാൻ പോവുകയാണ്. പരിശീലനം കൊടുത്താൽ ജോലി കൊടുക്കണം. കാരണം ഇവർക്ക് ഗവണ്മെന്റ് പോസ്റ്റുകൾ ഒഴിച്ച് മറ്റ് പോസ്റ്റുകൾ ഇല്ല. ജൂനിയർ ഹെൽത്ത് നഴ്സാണ്. സ്റ്റാഫ് നഴ്സാണെങ്കിൽ സ്വകാര്യമേഖലയിൽ പോകാം. സ്വകാര്യ മേഖലയിൽ പോകാൻ കഴിയാത്ത ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സായതുകൊണ്ടാണ് ഗവണ്മെന്റ് ഇവർക്കു ജോലി കൊടുക്കുന്നത് നിർത്തിവച്ചത്. ഇനി കുട്ടികൾക്ക് ജോലി കൊടുക്കേണ്ട സ്ഥിതി ഉണ്ടാക്കാൻ പറ്റുമ്പോൾ ഒന്നു തുടങ്ങും. അപ്പോൾ കാസർഗോഡിന് പ്രാതിനിധ്യം നിലനിർത്തിയിട്ടുണ്ട്. അതുകൊണ്ട് കാസർഗോഡിന് അവഗണനയെന്ന് ബഹുമാനപ്പെട്ട മെമ്പർ പറയുന്നതും ഇതുമായി യാതൊരു ബന്ധവുമില്ല. ഞാൻ പൂർണ്ണമായും നിഷേധിക്കുന്നു. ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സിംഗ് സ്കൂൾ 13 എണ്ണത്തിൽ 4 എണ്ണം തുടങ്ങുമ്പോൾ മലബാർ ഭാഗത്ത് തുടങ്ങിയത് കണ്ണൂരായി, കാരണം അപ്പുറവും, ഇപ്പുറവും ഒക്കെ ജില്ലകൾ ഉണ്ട്. അതിനപ്പുറം ഒരു പ്രത്യേകതയും ഇല്ല.

(9) ഗുരുവായൂർ നിയോജകമണ്ഡലത്തിൽപ്പെട്ട പുന്നയൂർ പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രം

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : സർ, എന്റെ നിയോജകമണ്ഡലത്തിലെ പുന്നയൂർ പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 1998 നവംബർ മാസം 7-ാം തീയതി ഉണ്ടായ ഓക്സിജൻ സിലിണ്ടർ സ്ഫോടനത്തെത്തുടർന്ന് കെട്ടിടം, ബെഡ്ഡുകൾ, ഫ്രിഡ്ജ് തുടങ്ങിയവ പാടെ നശിക്കുകയും ഏകദേശം 8 ലക്ഷം രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടാകുകയും ചെയ്തു. ഈ പ്രദേശത്തെ ജനങ്ങളുടെ പ്രധാന ചികിത്സാ കേന്ദ്രമായിരുന്ന ഈ ആരോഗ്യ കേന്ദ്രത്തിന്റെ സേവനം ദിവസേന 100, 150 രോഗികളാണ് ഉപയോഗപ്പെടുത്തിയിരുന്നത്. ഗ്രാമപഞ്ചായത്തിനു മാത്രമായി ഈ ആരോഗ്യകേന്ദ്രം പുനരുദ്ധരിച്ച് പ്രവർത്തനയോഗ്യമാക്കുന്നതിന് സാമ്പത്തിക പരാധീനതമൂലം കഴിയാത്ത സാഹചര്യമാണുള്ളത്. ഇത് പല പ്രാവശ്യം മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ പെടുത്തിയിട്ടുണ്ട്. മന്ത്രിമാർ അവിടെ വിസിറ്റ് ചെയ്തിട്ടുണ്ട്. ഉടനെ തന്നെ ഈ കെട്ടിടം പുനർനിർമ്മിക്കുന്നതിനുള്ള സഹായം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്) : സർ, 1998-ൽ ഒരു സ്ഫോടനത്തെത്തുടർന്നാണ് ഈ കെട്ടിടം തകരാറിലായത്. തുടർന്നുതന്നെ വാടകയ്ക്ക് ഒരു കെട്ടിടം ലഭ്യമാക്കി ഈ ആശുപത്രിയുടെ പ്രവർത്തനം തുടങ്ങി. ഈ പൊളിച്ച കെട്ടിടത്തിനുപകരം മറ്റൊരു കെട്ടിടം ഉണ്ടാക്കുന്നതിന് 11 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും കൊടുക്കേണ്ടത് അവിടത്തെ ഗ്രാമപഞ്ചായത്താണ്. പക്ഷെ അവർക്ക് സാമ്പത്തികസഹായം കൊടുക്കാതെ അവരുടെ ബഡ്ജറ്റ് കൊണ്ടോ, പ്ലാൻ ഫണ്ടുകൊണ്ടോ ഇത്

LIBRARY ARCHIVES Kerala Legislative Assembly